
# THE BIBLE TRUTH



# EXCELLENT OFFER ALMOST FREE !

Receive 20 Attractive All New Books, Worth More Than Rupees Two Hundred, By Sending Rupees Thirty Only. (This is Mailing & Forwarding Charges Only) Good For Preachers, Teachers, And Students Of The Bible.

Also Available Are 20 Books In Hindi Just For Rupees Twenty Only.

All Books Are Mailed Free Of Charge. Send By M.O Only, Which Should Be Addressed To:

**Editor,**
**THE BIBLE TEACHER**
**C-22, N. D. S E. II**
**NEW DELHI-110049.**


## നോട്ടീസ്

ആർക്കെങ്കിലും മാസിക കിട്ടാതെ വരുമ്പോൾ, നിങ്ങൾ സ്ഥലം മാറുമ്പോൾ, മാസിക വേണ്ടെന്നുള്ളവർ എല്ലാ കത്തിടപാടുകളിലും നിങ്ങളുടെ അഡ്രസിന്റെ മുകളിൽ കൊടുത്തിരിക്കുന്ന നമ്പർ വ്യക്തമായി എഴുതിയിരിക്കണം. പുതിയ അഡ്രസ് എഴുതുമ്പോൾ അതു വലിയ അക്ഷരത്തിൽ എഴുതിയിരിക്കണം. പഴയ കോപ്പികൾ മാസങ്ങൾക്കു ശേഷം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതല്ല.

ലേഖനങ്ങളും കവിതകളും അയക്കുമ്പോൾ അതോടൊപ്പം അതു നിങ്ങളുടേതു തന്നെ എന്നു കാണിക്കുന്ന സാക്ഷ്യപത്രവും പൂർണ്ണവിലാസവും ഉണ്ടായിരിക്കണം. പ്രസിദ്ധീകരണയോഗ്യമെങ്കിൽ മാത്രം പ്രസിദ്ധീകരിക്കുന്നതാണ്.

വായനക്കാരുടെ എല്ലാവരുടേയും ഹൃദയം നിറഞ്ഞ സ്നേഹത്തിനും പ്രോത്സാഹനത്തിനും നന്ദി. വെറും വായനക്കാർ മാത്രമായിരിക്കാതെ വചനം പ്രായോഗികമാക്കി തീർക്കുക.

എഡിറ്റർ

# ബൈബിൾ ട്രൂത്ത്

Editors

P. K. VARGHESE J. C. CHOATE

ooo ooo ooo

Published by Church of Christ

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 10 October 1996 No. 7

## എഡിറ്റോറിയൽ

മനുഷ്യരിൽ അന്തർലീനമായി കിടക്കുന്ന ഒന്നാണല്ലോ വികാരം. അതിന്റെ വിഭിന്ന പ്രതികരണ സ്വഭാവം ഓരോ പ്രവൃത്തിയിലൂടെ ദൃശ്യമാണ്. ഹൃദയമാണ് വികാരത്തിന്റെ കേന്ദ്രബിന്ദു എന്നു പറയാം. ജഡിക മനുഷ്യരിൽ വികാരം വരുത്തി വെക്കുന്ന വിനകാം എണ്ണമറ്റതാണ്. അതിനെ നിയന്ത്രിക്കുവാൻ സാദ്ധ്യമല്ലാതെ അവരെ അതു കീഴ്പ്പെടുത്തുന്നു. നമ്മുടെ വൈകാരിക മനോഭാവമനുസരിച്ചാണല്ലോ നാം ഓരോ കാര്യത്തിനും പ്രതികരിക്കാറുള്ളത്. അല്പം ചിന്തിക്കേണ്ട കാര്യമാണിത്. ഒരാളുടെ വ്യക്തിത്വത്തെ ബാധിക്കുന്ന രീതിയിൽ അയാളുടെ വികാരത്തെ അനുവദിച്ചു കൂടാ. ശിശുക്കളുടേയും പ്രായമായവരുടെയും വികാരങ്ങൾ വ്യത്യസ്ഥമാണ്. യുവാക്കളുടേത് മറ്റൊന്നായിരിക്കും. നാം വളരുന്ന ചുററുപാടും പശ്ചാത്തലവും എല്ലാം നമ്മുടെ മനോഭാവത്തെ ബാധിക്കുന്നതു പോലെ വികാരത്തെയും ബാധിക്കുവാനിടയുണ്ട്.

പരിഹാസത്തിനും നിന്ദക്കും പാത്രീഭൂതനാകുന്ന ഒരാൾ തന്റെ മനസ്സിന് ഏററ ആഘാതം മാററുവാൻ തിരിച്ച് എന്തെങ്കിലും പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നു. എങ്കിലേ അയാൾക്കു (ജഡത്തിനു) തൃപ്തി വരികയുള്ളു എന്നു പറയാം. വികാരത്തിന് ഇയാൾ അടിമപ്പെടുന്നു എന്ന് നിസംശയം നമുക്കു പറയാം. ഇത്

സാധാരണ രീതിയിലുള്ള ഒരാളുടെ സ്വഭാവമാണ്. എന്നാൽ തന്നെ പരിഹസിച്ചവർക്ക് വേണ്ടത്ര വീണ്ടുവിചാരമില്ലാതെ, അറിവില്ലാതെ സംസാരിച്ചതാണെന്നു ചിന്തിക്കുവാനുള്ള വിവേചനാ ശക്തിയില്ലാഞ്ഞ് പോകുന്നതുകൊണ്ട് അവർ മാനുഷിക സംഘർഷത്തിലാകുന്നു. അതായത് അവരുടെ വികാരം അവരെ കൊണ്ട് ചിലത് പ്രവർത്തിപ്പിക്കുന്നു എന്നർത്ഥം. ആത്മിക മനുഷ്യൻ വിവേചിച്ചു കാര്യങ്ങൾ ഗ്രഹിച്ച് ക്ഷമിക്കുവാൻ മനസ്സു കാണിക്കുന്നു. അവനെ തൃപ്തനാക്കുന്നത് അവന്റെ ക്ഷമാശീലമാകുന്നു. സമൂഹത്തിൽ പലർക്കും ഇത്തരം സാഹചര്യങ്ങൾ നേരിടുമ്പോൾ അതിനെ അതിജീവിക്കാൻ കഴിയാതെ വരുന്നു. അതിന്റെ പ്രതിവിധി തിരുവചനമാകുന്ന ദിവ്യ ഔഷധം തന്നെയാണ്. ആ നിർദേശങ്ങളും കല്പനകളും നമ്മുടെ ജീവിതത്തെ ഉയർത്തുവാൻ സഹായിക്കുന്നതാണ്.

ഹൃദയവികാരങ്ങൾ മാനിച്ചു കൊണ്ട് മതപരമായ കാര്യങ്ങൾ ക്രമീകരിച്ചിരിക്കുന്ന സമുദായങ്ങൾ ധാരാളമുണ്ട്. വികാരത്തെ ആത്മീയമെന്ന് തോന്നിപ്പിക്കുന്നവരുണ്ട്. ബാഹ്യമായ പ്രകടനങ്ങൾ നടത്തി ഭക്തിരസപ്രധാനമെന്നു വരുത്തി തീർക്കുന്നവരും ഇല്ലാതില്ല. കരിസ്മാറ്റിക്, ധ്യാനം, ഉണർവ്വ് യോഗങ്ങൾ എന്നീ നവീന നാമങ്ങളാൽ അറിയപ്പെടുന്നവയെല്ലാം ഇതിനു ഉദാഹരണങ്ങളാണ്. മനുഷ്യ വികാരത്തെ ഉണർത്തുന്ന തരത്തിലുള്ള കൂട്ടങ്ങൾ യാഥാർത്ഥ്യ ബോധമുൾക്കൊള്ളുന്നില്ല. എന്താണ് യഥാർത്ഥ ഭക്തി എന്നുപോലും ആളുകൾ ചിന്തിക്കുന്നില്ല, വിവേചിക്കുന്നില്ല. ദൈവ വചനം കേട്ട്, വിശ്വസിച്ച് അനുസരിക്കുന്നതാണ് യഥാർത്ഥമായ ഭക്തി. ജീവൻ ലഭിക്കുന്നത് അങ്ങനെയുള്ളവർക്കാണ്. ദൈവ വചനമാകുന്ന കർത്താവിന്റെ കല്പനകൾ അനുസരിക്കാതെ മറ്റെന്തു ചെയ്താലും അതിനു അനുസരണത്തിന്റെ പ്രയോജനം കിട്ടുന്നില്ല.

# ക്രിസ്തു വീണ്ടും വരുമ്പോൾ സംഭവിക്കുന്ന ചില കാര്യങ്ങൾ

J. C. ചോട്ട്

യേശുക്രിസ്തു വീണ്ടും വരും എന്നതു സത്യമാണ്. അവൻ വരുന്നത് എപ്പോഴാണ് എന്ന് അറിയുക പ്രയാസമാണ്. അത് ഇന്നാകാം, നാളെയാകാം, അടുത്ത മാസമാകാം, അടുത്ത വർഷമാകാം, ആയിരം വർഷം കഴിഞ്ഞിട്ടാകാം. അവൻ രണ്ടാമതു വരും എന്നതു തീർച്ചയുള്ള കാര്യമാണ്. പക്ഷേ സമയത്തെ കുറിച്ച് നമുക്കാർക്കും അറിഞ്ഞുകൂടാ. കാരണം അത് വെളിപ്പെടുത്തിയിട്ടില്ല എന്നതാണ്. എന്നാൽ നമ്മോട് ആ ദിവസത്തിനായി ഒരുങ്ങിയിരിപ്പാൻ മുന്നറിയിച്ചിട്ടുണ്ട്. അത് നമ്മുടെ ആയുഷ്ക്കാല സമയത്തായാലും, നമ്മുടെ വേർപാടിനു ശേഷമായാലും ശരി, നമ്മോട് ദൈവം അരുളിച്ചെയ്തിരിക്കുന്നതു പോലെ നാം തയ്യാറായി ഇരിക്കണം. ആ സമയത്ത് നാം എന്തെല്ലാം കാര്യങ്ങളിൽ ശ്രദ്ധാലുക്കളായിരിക്കണം എന്നു നാം അറിഞ്ഞിരിക്കണം.

അറിയിക്കാത്ത സമയത്തായിരിക്കും കർത്താവ് വരുന്നത്. പൗലൊസും പത്രൊസും പറഞ്ഞിരിക്കുന്നത് കർത്താവ് കള്ളനെ പോലെ വരും എന്നാണ്. പൗലൊസ് തെസലോനിക്യർക്ക് എഴുതിയിരിക്കുന്നതു എന്തെന്നു നോക്കാം. "കള്ളൻ രാത്രിയിൽ വരുമ്പോലെ കർത്താവിന്റെ നാൾ വരുന്നു എന്ന് നിങ്ങൾ തന്നേ നന്നായി അറിയുന്നുവല്ലോ." അവർ സമാധാനമെന്നും നിർഭയമെന്നും പറയുമ്പോൾ ഗർഭിണിക്ക് പ്രസവ വേദന വരുമ്പോലെ അവർക്കു പെട്ടെന്നു നാശം വന്നു ഭവിക്കും; അവർക്കു തെറ്റി ഒഴിയാവതുമല്ല (1 തെസലോനിക്യർ 5:2-3). രണ്ട് പത്രൊസ് 3-ാം അദ്ധ്യായം പത്താം വാക്യം കൂടെ വായിക്കു

മല്ലോ. ക്രിസ്തു ഒരു കള്ളനെന്നല്ല, കള്ളനെപ്പോലെ വരും എന്നു പറഞ്ഞാൽ അപ്രതീക്ഷിതമായ സമയത്തു വരും എന്നാണർത്ഥം. ഏതു സമയത്തും അവന്റെ വരവിന്നായി നാം ഒരുങ്ങിയിരിക്കണം എന്നതാണ് ആശയം.

ദൈവത്തിന്റെ കാഹള നാദത്തോടു കൂടിയാണ് യേശു വരുന്നത്. അപ്പൊസ്തലനായ പൌലൊസ് വ്യക്തമാക്കിയിരിക്കുന്ന സത്യം നോക്കുക. "കർത്താവ് താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും." (1 തെസ്സലോനിക്യർ 4: 16-17). കർത്താവിന്റെ വരവിൽ സംഭവിക്കുന്ന കാര്യങ്ങളാണ് ഇവിടെ വിവരിച്ചിരിക്കുന്നത്.

പ്രതികാരം കൊടുക്കേണ്ടതിന്നു കർത്താവു തന്റെ ദൂതന്മാരുമായിട്ടാണ് വരുന്നത്. വീണ്ടും നമുക്ക് തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കാം. "കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽ നിന്നു അഗ്നി ജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടു കൂടെ ആശ്വാസവും പകരം നല്കുന്നത് ദൈവ സന്നിധിയിൽ നീതിയല്ലൊ. ആ നാളിൽ അവൻ തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടേണ്ടതിനും ഞങ്ങളുടെ സാക്ഷ്യം നിങ്ങൾ വിശ്വസിച്ചതു പോലെ വിശ്വസിച്ച എല്ലാവരിലും താൻ അതിശയ വിഷയം ആകേണ്ടതിന്നും വരുമ്പോൾ

സുവിശേഷം അനുസരിക്കാത്തവർ കർത്താവിന്റെ സന്നിധാനവും അവന്റെ വല്ലഭത്വത്തോടു കൂടിയ മഹത്വവും വിട്ടകന്നു നിത്യനാശം എന്ന ശിക്ഷാവിധി അനുഭവിക്കും (2 തെസലോനിക്യർ 1: 6-10).

ക്രിസ്തു തന്റെ ദൂതന്മാരെ അയച്ചു തന്റെ രാജ്യമാകുന്ന സഭയ്ക്ക് ഇടർച്ച വരുത്തിയവരെ എല്ലാവരേയും കൂട്ടിച്ചേർക്കും. തന്റെ ഇഹലോക വാസത്തിനിടയിൽ യേശു തന്നെ പറയുന്ന ഭാഗം ശ്രദ്ധിക്കുക. "മനുഷ്യപുത്രൻ തന്റെ ദൂതന്മാരെ അയക്കും. അവർ അവന്റെ രാജ്യത്തിൽ നിന്നു എല്ലാ ഇടർച്ചകളേയും അധർമ്മം പ്രവർത്തിക്കുന്നവരേയും കൂട്ടിച്ചേർത്ത് തീച്ചൂളയിൽ ഇട്ടുകളയും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും. അന്നു നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപോലെ പ്രകാശിക്കും. ചെവിയുള്ളവൻ കേൾക്കട്ടെ (മത്തായി 13: 41-43).

കർത്താവിന്റെ വരവിങ്കൽ എല്ലാവരും ഉയിർത്തെഴുന്നേല്ക്കപ്പെടും. നീതിമാന്മാരും ദുഷ്ടന്മാരും ഒരുപോലെ ഉയിർത്തെഴുന്നേല്ക്കും. പിന്നീട് ഉണ്ടാകുന്ന ഫലം വ്യത്യാസമുള്ളതായിരിക്കും. യോഹന്നാൻ പ്രസ്താവിച്ചിരിക്കുന്നത് "ഇതിങ്കൽ ആശ്ചര്യപ്പെടരുത്, കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു, നന്മ ചെയ്തവർ ജീവനായും, തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു" (യോഹന്നാൻ 5: 28-29). അപ്പൊസ്തലനായ പൌലൊസ് തന്റെ പ്രത്യാശയെ കുറിച്ച് അസന്നിഗ്ധമായി സംസാരിച്ചിട്ടുണ്ട്. "നീതിമാന്മാരുടേയും നീതി കെട്ടവരുടേയും പുനരുത്ഥാനം ഉണ്ടാകും എന്നു ഇവർ കാത്തിരിക്കുന്നതുപോലെ ഞാനും ദൈവത്തിൽ ആശ വെച്ചിരിക്കുന്നു" (പ്രവൃത്തി 24:15). ക്രിസ്തുവിനെ ആശ്രയിച്ച്, അനുസരിച്ച് ജീവിക്കുന്ന ഏവർക്കും ഇതൊരു യഥാർത്ഥ്യ

മാകുന്നത് അവന്റെ വരവിങ്കൽ ആണ്. അവനെ വിശ്വസിക്കാത്തവർക്ക് അന്ന് വിശ്വസിക്കേണ്ടി വരും. പക്ഷെ പിന്നീട് അനുസരിക്കുവാനുള്ള അവസരം കിട്ടുകയില്ല. പുനരുത്ഥാനത്തിൽ വിശ്വസിക്കാത്ത അനേകം പേർ ഇന്നുണ്ട്. പക്ഷെ അവരും ഉയിർത്തെഴുന്നേല്പിനു സാക്ഷ്യം വഹിക്കും.

വീണ്ടും കർത്താവു വരുമ്പോൾ എല്ലാം നശിച്ചു പോകയും വെന്തുരുകുകയും ചെയ്യും. ദൈവാത്മ നിയോഗത്താൽ അപ്പൊസ്തലനായിരുന്ന പത്രൊസ് ആ സംഭവത്തെ ഇങ്ങനെ വിവരിക്കുന്നു. "ചിലർ താമസം എന്നു വിചാരിക്കുന്നതു പോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല, ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളു. കർത്താവിന്റെ ദിവസമോ കള്ളനെപോലെ വരും. അന്നു ആകാശം കൊടുമുഴക്കത്തോടെ ഒഴിഞ്ഞു പോകും; മൂല പദാർത്ഥങ്ങൾ കത്തിയഴിയുകയും ഭൂമിയും അതിലുള്ള പണികളും വെന്തുരുകുവാനും ഉള്ള ദൈവ ദിവസത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയുംകൊണ്ട് നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കണം. എന്നാൽ നാം അവന്റെ വാഗ്ദത്ത പ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കായിട്ടും കാത്തിരിക്കുന്നു" (2 പത്രൊസ് 3: 9-13).

യേശു മടങ്ങി വരുമ്പോഴാണ് ന്യായവിധി നടക്കുന്നത്. ആർക്കും ഇതിൽ നിന്നും ഒഴിഞ്ഞു മാറാവുന്നതല്ല. നീതിയുള്ള ന്യായാധിപതിയാണ് നമ്മുടെ കർത്താവ്. തിരുവെഴുത്തു മുന്നറിയിച്ചിരിക്കുന്നത് നാം മനസിലാക്കിയിരിക്കണം. "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാമെല്ലാവരും ക്രിസ്തു

വിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു'' (2 കൊരിന്ത്യർ 5:10). യേശുക്രിസ്തുവിന്റെ പ്രഥമ വരവിൽ താൻ ആരെയും ന്യായം വിധിച്ചില്ല. വചനം ജനങ്ങൾക്കു നല്കിയിട്ട്, സ്വീകരിപ്പാനും ത്യജിപ്പാനും സ്വാതന്ത്ര്യം കൊടുത്തു. അവൻ പറഞ്ഞത്: എന്റെ വചനം കൈക്കൊള്ളാതെ എന്നെ തള്ളിക്കളയുന്നവനെ ന്യായം വിധിക്കുന്നവൻ ഉണ്ട്. ഞാൻ സംസാരിച്ച വചനം തന്നെ ഒടുക്കത്തെ നാളിൽ അവനെ ന്യായം വിധിക്കും. ദൈവ വചനത്തെ മാനിക്കാതെ, ഭയപ്പെടാതെ, അനുസരിക്കാതെ ഇരിക്കുന്ന ഓരോരുത്തരും ന്യായവിധി നാളിൽ തള്ളപ്പെടും. നിത്യ ശിക്ഷാവിധി അനുഭവിക്കേണ്ടി വരും എന്നോർക്കുക.

തന്റെ രാജ്യം അന്നാളിൽ അവൻ പിതാവിനെ ഏല്പിക്കും. ഇപ്പോൾ രാജ്യത്തിന്റെ ആധിപത്യം ക്രിസ്തുവിൽ നിക്ഷിപ്തമാണ്. അതായത് സഭയുടെ തലയും ഭരണാധികാരിയും കർത്താവാണ്. പക്ഷെ തന്റെ മടങ്ങി വരവിൽ ആ സഭയെ പിതാവിന്നു ഏല്പിച്ചു കൊടുക്കും. ''പിന്നെ അവസാനം, അന്നു അവൻ എല്ലാ വാഴ്ചക്കും അധികാരത്തിനും ശക്തിക്കും നീക്കം വരുത്തീട്ടു രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും. അവൻ സകല ശത്രുക്കളെയും കാല്ക്കീഴാക്കുവോളം വാഴേണ്ടതാകുന്നു (1 കൊരിന്ത്യർ 15:23-25).

അന്നു നീതിമാന്മാരെ നിത്യജീവങ്കലേക്കും ദുഷ്ടന്മാരെ നിത്യ ദണ്ഡനത്തിലേക്കും വേർതിരിക്കുന്ന ദിവസമാണ്. മററൊരർത്ഥത്തിൽ പറഞ്ഞാൽ ദൈവത്തെ അനുസരിച്ച് ജീവിച്ചവരെ അവൻ സ്വർഗ്ഗത്തിലേക്കും അനുസരിക്കാതെ ജീവിച്ചവരെ നരകത്തിലേക്കും തള്ളിമാററും (മത്തായി 25:46).

*

കവിത

# നിലവിളി

E. K. കുഞ്ഞുകുഞ്ഞ്, തേപ്പുപാറ

അമ്മോ നിലവിളിച്ചങ്ങോട്ടുമിങ്ങോട്ടും,
ഓടുന്ന രാത്രികൾ വന്നടുത്തീടുമേ.
കാലമാം കാലയവനികക്കുള്ളിലോ,
മായാ പ്രപഞ്ച നിരകൾക്കടിയിലോ.

ഓടിയൊളിക്കുവാൻ കാടുകൾ കാണാതെ,
തിങ്ങിവിങ്ങുന്നൊരു കൂട്ടമതുണ്ടഹോ.
കിട്ടില്ല നിശ്ചയം കൈവിട്ടു പോകുമേ,
അന്ധകാരം പിന്നെ കൂരിരുട്ടും തന്നെ.

മായാ മയക്കിനടിപ്പെട്ട കൂട്ടങ്ങൾ,
മരണ മയക്കവും മതിയടി യോശയും.
കേട്ടുകേട്ടാർത്തരായ് വാടി വീണിടുമേ,
സത്യമോ ഇദ്ധരേ ഇല്ലാതെ പോകുമേ.

ക്ഷിപ്രം തിരിഞ്ഞു നീ നോക്കുക സോദരാ,
മാനസം മാറിയോ വെട്ടം കടക്കുമോ.
നല്ലപോൽ ചിന്തിച്ചുറച്ചുര ചെയ്യൂ നീ,
രക്ഷപ്പെടാനുള്ള മാർഗ്ഗമതേതഹോ.

ക്രിസ്തുവിലല്ലാതെ വഴിയെന്നുമില്ലെന്ന്,
ബൈബിൾ പറയുന്നു കേൾക്കുവിൻ ലോകരേ.
കേട്ടാൽ മതിവരാതുണ്ടായൊരത്ഭുതം,
കേൾക്കുവാൻ നേരം കടന്നുപോയ് കേൾക്കണേ.

★

# മനുഷ്യർ തങ്ങളുടെ മൂല്യമുള്ള ഒന്നു നഷ്ടമാക്കുന്നു

**എൽവുഡ് ഹോൾട്ട്**

മരണ ശയ്യയിൽ കിടന്നു ഇംഗ്ലണ്ടിലെ എലിസബെത്ത് രാജ്ഞി പ്രതിവചിക്കയുണ്ടായി. ''ഒരിഞ്ചു സമയത്തിനു ദശലക്ഷക്കണക്കിനു രൂപ'' രാജകീയ മുറിയിൽ അവളുടെ പതിനായിരക്കണക്കിനു വസ്ത്രങ്ങൾ കുന്നുകൂടി കിടക്കുന്നു. സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യം അവളുടെ കാൽകീഴിൽ. പക്ഷെ അര നൂററാണ്ടിലധികം അവർ പാഴാക്കി കളഞ്ഞു. ഇപ്പോഴും അവളുടെ ഓരോ നിമിഷത്തിനുമായി ചെലവിടുന്നത് ദശലക്ഷക്കണക്കിനാണ്. പലരുടേയും ജീവിതത്തിൻെറ ഉപസംഹാരം ഇതാണ്. ഉപേക്ഷ, പാഴാക്കൽ, നീട്ടി വെയ്പ്, കരുതലില്ലായ്മ, പിന്നീട് ദു:ഖകരമായ മരണശയ്യ. വില കൂടിയ വസ്തുക്കളിൽ ഒന്നാണല്ലൊ സമയം. പലതും ചെയ്യാൻ സമയം കിട്ടുന്നില്ല എന്നു നാം പരിഭവിക്കാറില്ലേ ? പക്ഷെ സത്യാവസ്ഥ എന്തെന്നാൽ ദൈവം തന്നിട്ടുള്ള എല്ലാ സമയവും ഉണ്ട് എന്നതാണ്. ഒരു വ്യക്തി തൻെറ വ്യക്തിപരമായ കാര്യങ്ങളിലും ബിസിനസിലും ശ്രദ്ധ ചെലുത്തി തിരക്കുള്ളവനായിരിക്കെ കർത്താവിൻെറ സഭയെ കുറിച്ച് ചിന്തിക്കാൻ പോലും സമയം കിട്ടുന്നില്ല; തൻെറ സ്വന്ത രക്ഷയെ കുറിച്ച്, കുടുംബത്തിൻെറ രക്ഷയെ കുറിച്ച്. കൂട്ടുകാരുടേയും അയൽക്കാരുടേയും രക്ഷയെ കുറിച്ച് പിന്നെ ചിന്തിക്കുന്നതെങ്ങനെ ? യാഥാർത്ഥ്യമെന്തെന്നാൽ നിനെച്ചിരിക്കാത്ത നാഴികയിൽ ഇതിൽ നിന്നെല്ലാം വിട്ടു പിരിഞ്ഞ് പൂർണ്ണ വിശ്രമത്തിലേക്ക് പോകും. പിന്നെ ചിന്തിക്കാനേ സമയമുണ്ടാകു. ഒരു അവിശ്വാസി തൻെറ മരണക്കിടക്കയിൽ

കിടന്നു ഒരപേക്ഷ നടത്തുകയുണ്ടായി. ആറുമാസം കൂടെ എന്റെ ആയുസ്സ് നീട്ടിത്തന്നാൽ എനിക്കുള്ളതെല്ലാം നിനക്കു തരാം ദൈവമേ.

അവസാന നാളിൽ കർത്താവിനാൽ വീണ്ടെടുക്കപ്പെട്ടവരോടു കൂടെ നിത്യ സന്തോഷം അനുഭവിക്കാമെന്ന സന്തോഷത്തിന്റെ അനുഭൂതി, അല്ലെങ്കിൽ നിത്യ നരകയാതന എന്ന ശിക്ഷാവിധി എങ്ങനെ തള്ളിനീക്കുമെന്ന ഭീതി, ഈ രണ്ടു ചിന്തകളിൽ ഏതെങ്കിലും ഒന്നിൽ അവസാനിക്കും. സമയം പറന്നു പോകുന്ന ഒന്നാകയാൽ സമയമുള്ളപ്പോൾ അതിനെ പിടിക്കുക എന്ന ഇംഗ്ലീഷ് പഴമൊഴി അന്വർത്ഥമാണ്. ഇപ്പോൾ സമയമെല്ലാം പെട്ടെന്ന് പോകുന്നതു പോലെ തോന്നുന്നതായി ആളുകൾ പറയാറില്ലേ ? എത്ര പെട്ടെന്നാണ് ആഴ്ച കടന്നു പോയത് ? എത്ര പെട്ടെന്ന് ഒരു വർഷം കടന്നുപോയി എന്നെല്ലാം പറഞ്ഞു കേൾക്കാറുണ്ട്. പരമാർത്ഥം പറഞ്ഞാൽ പണ്ടുണ്ടായിരുന്ന ആഴ്ചയിലെ ദിവസങ്ങൾ തന്നെയാണ് ഇപ്പോഴുമുള്ളത്. ഒരു ദിവസത്തിൽ ഇപ്പോഴും അതേ മണിക്കൂറുകൾ തന്നെയാണുള്ളത്. സമയം പോകുന്നതു എല്ലാം ഒരുപോലെയാണ്. പക്ഷെ സമയം നാം എങ്ങനെ ഉപയോഗിക്കുന്നു എന്നതാണ് പ്രധാനം. പണ്ടുള്ളവർക്ക് എല്ലാ കാര്യങ്ങൾക്കും വേണ്ടത്ര സമയമുണ്ടായിരുന്നു. എന്നാൽ ഇന്നുള്ളവർക്ക് സമയമില്ല എന്ന പരാതിയാണ്. നമുക്ക് ഏററവും പ്രിയമുള്ള കാര്യങ്ങൾ നാം ചെയ്തു തീർക്കാറില്ലേ ? അതു ശരിയാണ്. അപ്പോൾ ചെയ്യാത്ത കാര്യങ്ങളിൽ ഇഷ്ടക്കുറവുണ്ട് എന്നു സമ്മതിക്കണം.

ദീർഘദൂര ട്രെയിനിൽ യാത്ര ചെയ്യുവാൻ ഒരുങ്ങിയ ആരെങ്കിലും സമയക്കുറവു നിമിത്തം ട്രെയിനിൽ കയറിപ്പററാൻ കഴിഞ്ഞില്ല എന്നു പറയുമോ ? റിസർവേഷൻ കിട്ടിയില്ലെങ്കിൽ പോലും നിശ്ചയിച്ച യാത്രക്കു തക്ക സമയത്തു സ്റേറഷനിൽ എത്തുക തന്നെ ചെയ്യും. നമ്മുടെ

മനസ്സ് തീരുമാനിച്ചു കഴിയുമ്പോഴേക്കും അവസരം നമ്മെ കൈവിട്ടു എന്നു വരാം. തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്ന സത്യം കേൾക്കുക. ''നാളത്തെ ദിവസം ചൊല്ലി പ്രശംസിക്കരുത്; ഒരു ദിവസത്തിൽ എന്തെല്ലാം സംഭവിക്കും എന്നു അറിയുന്നില്ലല്ലൊ'' (സദൃശ്യവാക്യങ്ങൾ 27:1). ഓരോ ദിവസവും എന്തെല്ലാം സംഭവിക്കും എന്നു ആർക്കും പറയാൻ സാദ്ധ്യമല്ല. ചിലപ്പോൾ സന്തോഷം അനുഭവപ്പെടും, മററു ചിലപ്പോൾ ദുഃഖമാകാം. അതുകൊണ്ടാണ് കർത്താവ് പറഞ്ഞത് ''അതാതു ദിവസത്തിനു അന്നന്നത്തെ ദോഷം മതി'' എന്ന് (മത്തായി 6:34). രണ്ടു ദിവസം ഒരുമിച്ച് ജീവിക്കാൻ ആർക്കും സാദ്ധ്യമല്ല. ഓരോ കാര്യമായിട്ടു മാത്രമെ നമുക്കു ചെയ്തു തീർക്കുവാൻ പററൂ. എല്ലാം കാര്യങ്ങളും ഒരുമിച്ച് ചെയ്യാമെന്നു കരുതേണ്ട. മനുഷ്യായുസ്സ് ലഭിച്ചിട്ടുള്ള ഏതൊരു മനുഷ്യനും ലഭിച്ചിട്ടുള്ള ജീവിതം ഓരോ ദിവസമായി ജീവിക്കാനേ പററു.

അതുകൊണ്ട് ഒഴിവു കഴിവു പറയാവുന്ന ഏററവും പററിയതു സമയത്തെ. സമയം ആർക്കുവേണ്ടിയും കാത്തു നില്ക്കുകയില്ല. മുൻഗണനാ ക്രമത്തിൽ വേണം നാം പ്രവൃത്തികൾ ചെയ്തു തീർക്കുവാൻ. പടിപടിയായി ചെയ്യേണ്ടതാണ് എല്ലാം. ഒററയടിക്ക് എല്ലാം ചെയ്തു തീർക്കാൻ ആരോടും ആവശ്യപ്പെടുന്നില്ല. ആളുകൾ വലിപ്പച്ചെറുപ്പമുള്ളവരായിരിക്കും കഴിവുകൾ വിഭിന്നമായിരിക്കും, ജോലികൾ വ്യത്യസ്ഥമായിരിക്കും. വാസ്തവം പറഞ്ഞാൽ ഓരോരുത്തനും ചെയ്യാവുന്ന കാര്യങ്ങളേ ദൈവം ഭൂമിയിൽ നല്കിയിട്ടുള്ളു. സമയക്കുറവു കണ്ടെത്തുന്നവർ രോഗം വന്നാൽ അവർക്കു സമയം ധാരാളം ഉണ്ട്. നമ്മുടെ ചിന്താശക്തി എപ്പോഴും നിഷേധത്തിലേക്കു തിരിയുന്നില്ല. ക്രിയാത്മക ശക്തി ആർജിച്ചെടുക്കാൻ പരിശ്രമം വേണം. അലസതയോ, കരുതലില്ലായ്മയോ, അവഗണനയോ ഒക്കെയൊവാം ഇതിന്റെ പിന്നിൽ. അതു

തിരിച്ചറിയണം; ഒഴിവാക്കണം. അപ്പോഴാണ് നാം ചെലവിടുന്ന സമയത്തിന്റെ വില മനസ്സിലാക്കുന്നത്.

ആകയാൽ നിങ്ങൾ എന്തെങ്കിലും ചെയ്യണമെന്നു ആഗ്രഹിക്കുന്നുവെങ്കിൽ അതു ഇന്നു തന്നെ ചെയ്യുക. അതു നീട്ടി വെക്കരുത്. കാരണം ഇന്നായിരിക്കാം നിങ്ങളുടെ ജീവിതാവസാനം. ഒരുപക്ഷെ ആയിരക്കണക്കിന്നു ദിവസങ്ങളായി മാറിയേക്കാം. എന്നാൽ നിശ്ചയിക്കുന്നത് ദൈവമാണ്. യേശുക്രിസ്തുവിന്റെ സുവിശേഷം അനുസരിക്കാത്തവർ തങ്ങളുടെ ആത്മാവിനെ ഇട്ടു പന്താടിക്കൊണ്ടിരിക്കയാണ്. നാളെയാകട്ടെ, അടുത്തയാഴ്ചയാകട്ടെ, ഭർത്താവു വരട്ടെ, അപ്പനോടും അമ്മയോടും ചോദിക്കട്ടെ എന്നിങ്ങനെ മാററിവെക്കാൻ കാരണങ്ങൾ നിരവധി. അവർ അറിയാതെ അവരുടെ ജീവിതത്തിനു ഒന്നും സംഭവിക്കയില്ല എന്ന തോന്നലാണ് അവർക്ക്. അവർ ഒരിക്കൽ മാത്രമല്ല, ഇങ്ങനെ അവസാനത്തോളം അനുസരണം അവർ തള്ളിമാററും. ദയവോടെ ഒരു വാക്ക് ആരോടെങ്കിലും പറയാനുണ്ടെങ്കിൽ അത് ഇന്നായിരിക്കട്ടെ. ദൂരെ താമസിക്കുന്ന നിങ്ങളുടെ വൃദ്ധ മാതാപിതാക്കളെ സന്ദർശിക്കുന്നതു ഇന്നായിരിക്കട്ടെ. ആത്മാവിന്റെ രക്ഷക്കായി ദൈവത്തെ അനുസരിക്കേണ്ടതും ഇന്നായിരിക്കണം. ''ഇന്നു നിങ്ങൾ ദൈവത്തിന്റെ ശബ്ദം വചനത്തിലൂടെ കേൾക്കുമ്പോൾ നിങ്ങളുടെ ഹൃദയം കഠിനപ്പെടുത്തരുത്'' (എബ്രായർ 3;8).

നാളെ മുതൽ ഒരു പുതിയ ജീവിതം തുടങ്ങാമെന്നു പറയാതെ സ്നേഹിതരേ, ഇന്നു മുതൽ തുടങ്ങുക. ''അതു അന്നു പറഞ്ഞിരുന്നെങ്കിൽ'', ''അന്നു ചെയ്തിരുന്നെങ്കിൽ'' എന്നു പറയാതിരിക്കാൻ നിങ്ങൾക്കു കഴിയട്ടെ.

★

# ദൈവത്തിന്റെ വിശുദ്ധ സ്ഥലത്ത് നിറഞ്ഞ അനുഗ്രഹങ്ങൾ

**ജോണി രാംസെ**

73-ാം സങ്കീർത്തനത്തിൽ ലേഖകൻ, പൊതുവിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന ഒരു പ്രതിഭാസത്തെ എടുത്തു കാണിക്കുന്നുണ്ട്. എന്തുകൊണ്ട് ദുഷ്ടന്മാർ അഭിവൃദ്ധി പ്രാപിക്കുന്നു? പുരാതനമായ ആ കടംകഥ വെറുമൊരു വ്യാമോഹം മാത്രമാണെന്ന് സങ്കീർത്തനക്കാരൻ വിശദമാക്കുന്നു. ''ഒടുവിൽ ഞാൻ ദൈവത്തിന്റെ വിശുദ്ധമന്ദിരത്തിൽ ചെന്ന് അവരുടെ അന്തം എന്താകും എന്നു ചിന്തിച്ചു. നിശ്ചയമായി നീ അവരെ വഴുവഴുപ്പിൽ നിർത്തുന്നു; നീ അവരെ നാശത്തിൽ തള്ളിയിടുന്നു'' (സങ്കീർത്തനം 73:17). ദൈവശ്വാസീയമായ എഴുത്തുകാരൻ പറയുന്നത് ''ഞാൻ ദൈവത്തിന്റെ മന്ദിരത്തിൽ ചെല്ലുന്നതു വരെ കലക്കത്തിലായിരുന്നു അപ്പോൾ എനിക്കു അതിന്റെ പൊരുൾ ഗ്രഹിപ്പാൻ കഴിഞ്ഞു. ദൈവത്തിന്റെ ഉദ്ദേശ്യത്തെയാണ് എഴുത്തുകാരൻ വ്യക്തമാക്കുന്നത്. ഇത് നമ്മെ സംബന്ധിച്ചും അന്വർത്ഥമല്ലേ ?

മന്ദിരം എന്നു വാക്കിന്റെ അക്ഷരാർത്ഥം ''ദൈവസാന്നിദ്ധ്യത്തിനായി പണി കഴിച്ച വിശുദ്ധമായ ഇടന'' എന്നതാണ്. മോശെയുടെ ന്യായപ്രമാണ കാലഘട്ടത്തിൽ സമാഗമന കൂടാരവും ദൈവാലയവും യോഗ്യതയുള്ള വിശുദ്ധ മന്ദിരങ്ങളായിരുന്നു (എബ്രായർ 8:2; 9:1). എന്നാൽ ഇന്നു സ്തെഫാനോസ് പ്രഖ്യാപിച്ചതു പോലെയാണ്. ''അത്യുന്നതൻ കൈപ്പണിയായതിൽ വസിക്കുന്നില്ല'' (പ്രവൃത്തി 7:48). ദൈവത്തെ നമസ്കരിക്കേ

ണ്ടതിന്നാണ് പഴയ നിയമ പ്രകാരം ഇങ്ങനെയുള്ള സ്ഥലം ഒരുക്കിയിരുന്നത്. പക്ഷെ ആ കാലശേഷം അതു മാറേണ്ടിയിരിക്കുന്നു. യേശുക്രിസ്തുവിന്റെ പ്രസ്താവന ശ്രദ്ധിക്കുക, "നിങ്ങൾ പിതാവിനെ നമസ്കരിക്കേണ്ടത് ഈ മലയിലുമല്ല യെരുശലേമിലുമല്ല എന്ന നാഴിക വരുന്നു''. സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണ്ട നാഴിക വരുന്നു; ഇപ്പോൾ വന്നുമിരിക്കുന്നു (യോഹന്നാൻ 4: 21-24). ഇന്നു നമ്മുടെ ഹൃദയങ്ങളിലാണ് പ്രത്യേക സ്ഥാനം നാം ദൈവത്തിനു നല്കേണ്ടത് (1 പത്രൊസ് 3:15). അങ്ങനെ സുവിശേഷ യുഗത്തിൽ, ക്രിസ്തീയ ജീവിതത്തിലും സഭയിലും വിശുദ്ധ മന്ദിരം കണ്ടെത്താൻ ആഗ്രഹിക്കുന്നു (1 കൊരിന്ത്യർ 3, 6 എന്നീ അദ്ധ്യായങ്ങൾ).

രാജകീയ പുരോഹിത വർഗ്ഗമായിട്ട് നാം എല്ലായ്പ്പോഴും ദൈവ മുൻപാകെ കാണപ്പെടണം. ആദാമും ഹവ്വയും ദൈവ സന്നിധിയിൽ നിന്നും ഓടി ഒളിച്ചതുപോലെ ഓടാൻ ശ്രമിക്കരുത്. അല്ലെങ്കിൽ ശൗലിനെപോലെ സത്യത്തിൽ നിന്നും അകന്നു മാറിനിന്നു സംസാരിക്കരുത്. പത്രൊസിനെ പോലെ പുറത്തു തീ കാഞ്ഞു കൊണ്ടിരുന്നാൽ അതു നമ്മെ ശക്തീകരിക്കയില്ല. യോനയെ പോലെ മറ്റൊരു ദിക്കിലേക്ക് സഞ്ചരിക്കയെന്നതുമല്ല. ബുദ്ധിയോടെ ദൈവ സന്നിധിയിൽ നില്ക്കുവാനാണ് നാം ഓരോരുത്തരും ശ്രമിക്കേണ്ടത്. ലക്ഷ്യബോധമില്ലാതെ അലഞ്ഞു നടക്കുവാൻ സംഗതിയാകുന്നത് ദൈവിക സ്വാധീനവും സാന്നിദ്ധ്യവും തിരിച്ചറിയാത്തതു നിമിത്തമാണ്. പൌലൊസ്, ദാവീദ്, ദാനിയേൽ എന്നിവരെ നാം പരിശോധിച്ചാൽ അവർ ലക്ഷ്യത്തിലൂടെ സഞ്ചരിച്ചിരുന്നതായി നമുക്കു മനസിലാക്കാം (ഫിലിപ്പിയർ 3:8-10; സങ്കീർത്തനങ്ങൾ 42:1; ദാനിയേൽ 6:10). സങ്കീർത്തനം 73 ന്റെ 17 ൽ നിന്നും വലിയ മൂന്നു പാഠങ്ങൾ നമുക്കു വിലയിരുത്താം.

## സമീപിക്കാവുന്നവനാണു ദൈവം

ലോകത്തിലുള്ള എല്ലാം ലോകത്തോടൊപ്പം സൃഷ്ടിച്ച നമ്മുടെ ദൈവം വിദൂരസ്ഥനല്ല എന്നതു വിസ്മയകരം തന്നെ (പ്രവൃത്തി 17). ആകാശം ഭൂമിയിൽ നിന്ന് അകന്ന് ഉയരങ്ങളിൽ ഇരിക്കുന്നതുപോലെ ആയിരുന്നാലും ദൈവത്തെ നമുക്ക് അന്വേഷിച്ച് കണ്ടെത്താം (യെശയ്യാവ് 55: 6-9). ഓറൽ റോബർട്സിന്റെ അനുയായികൾ ചെയ്യുന്നതുപോലെ നാം പ്രാർത്ഥനാ കാർഡുമായി ലൈനിൽ ക്യൂ നിൽക്കേണ്ട ആവശ്യമില്ല. റോമൻ കത്തോലിക്കർക്കു ദൈവത്തിന്റെ പ്രതിനിധിയായി ഭൗമിക പിതാവുള്ളതു പോലെ നമുക്ക് ഒരു ആത്മീക പിതാവ് ഭൂമിയിൽ ആവശ്യമില്ല. അവന്റെ മക്കൾക്കു ദൈവം സമീപസ്ഥൻ തന്നെ. നമ്മുടെ മഹാപുരോഹിതനായ ക്രിസ്തു മുഖാന്തരം നമുക്ക് നേരിട്ട് അവന്റെ അടുക്കൽ ചെല്ലാം. ഏലിയാവ്, ബാൽ വിഗ്രഹത്തെ സേവിച്ചു വന്ന പ്രവാചകന്മാരെ വെല്ലുവിളിക്കയുണ്ടായി. "തീ ഇടാതെ നിങ്ങളുടെ ദേവന്റെ നാമത്തിൽ അപേക്ഷിപ്പിൻ. ഞാൻ യഹോവയുടെ നാമത്തിൽ വിളിച്ചപേക്ഷിക്കും." എന്നാൽ ബാൽ ഉത്തരമരുളിയില്ല. യഹോവ, ഏലിയാവിന്റെ അപേക്ഷ കൈക്കൊണ്ടു. ഹബക്കൂക്ക് പറയുന്നത് കേൾക്കുക: ഒരു ബിംബത്തെ കൊത്തിയുണ്ടാക്കുവാൻ അതിനാലോ പണിക്കാരൻ വ്യാജം ഉപദേശിക്കുന്ന വാർപ്പു വിഗ്രഹത്തിൽ ആശ്രയിച്ചു കൊണ്ടു ഊമ മിത്ഥ്യാമൂർത്തികളെ ഉണ്ടാക്കുവാൻ അതിനാലോ എന്തു പ്രയോജനം ഉള്ളു? മരത്തോടു ഉണരുക എന്നും ഊമക്കല്ലിനോടു എഴുന്നേല്ക്ക എന്നും പറയുന്നവനു അയ്യോ കഷ്ടം! അതു ഉപദേശിക്കുമോ? അതു പൊന്നും വെള്ളിയും പൊതിഞ്ഞിരിക്കുന്നു അതിന്റെ ഉള്ളിൽ ശ്വാസം ഒട്ടും ഇല്ലല്ലൊ. എന്നാൽ യഹോവ തന്റെ വിശുദ്ധ മന്ദിരത്തിൽ ഉണ്ട്. സർവ്വ ഭൂമിയും അവന്റെ സന്നിധിയിൽ മൗനമായിരിക്കട്ടെ (ഹബക്കൂക്ക് 2: 18-20).

## ദൈവിക സാന്നിദ്ധ്യത്തിന്റെ ഫലമാണ് അനുഗ്രഹങ്ങൾ

ദൈവത്തെ ആരാധിക്കുന്നതിന്റെ പ്രാധാന്യം വളരെ ശ്രേഷ്ഠമാണ്. ദൈവത്തെ ആരാധിക്കുന്നതിന്റെ മാഹാത്മ്യവും ശക്തിയും എത്രമാത്രമെന്നു യെശയ്യാവിന്റെ പുസ്തകത്തിൽ ഒരു പ്രവചന ചിത്രം വരച്ചു കാണിക്കുന്നുണ്ട്. ദൈവത്തിന്നായി സമർപ്പിക്കപ്പെട്ട പ്രവാചകൻ തന്നെത്തന്നെ ദൈവത്തോടുള്ള പ്രതിബദ്ധതക്കു ഉടമയാക്കി മാറ്റുന്നു. ആദരവും മാനവും ദൈവത്തിനു നല്കിയപ്പോഴുണ്ടായ ധന്യത അവർണ്ണനീയം തന്നെയാണ്. സ്വർഗ്ഗീയ ഹിതം നിറവേറ്റുവാൻ യെശയ്യാവ് തന്നെത്തന്നെ താഴ്ത്തി സൈന്യങ്ങളുടെ യഹോവയെ ഉയർത്തി. അതാണ് ഇന്ന് നമ്മുടെ കൂടിവരവും ആരാധനയും. സഭായോഗം കൂടി വരുന്നതിന്റെ ഉദ്ദേശം, ദൈവത്തിനു പുകഴ്ചയും മാനവും മഹത്വവും കൊടുക്കുക എന്നതാണ്. ആത്മീയ വളർച്ചക്കു നിദാനമായി മാറുന്ന ആരാധന സദുദ്ദേശത്തോടു കൂടെയാകണം. സത്യത്തിലും ആത്മാവിലും ഉള്ള ആരാധനയാണ് ദൈവം ഒരോരുത്തരിൽ നിന്നും ആഗ്രഹിക്കുന്നത്. വിശുദ്ധന്മാരുടെ സഹവർത്തിത്വം സൗരഭ്യ വാസനയാകണം. നമ്മുടെ ആരാധനക്കു ശേഷം നമ്മുടെ സഹോദരങ്ങൾക്കു നന്മ ചെയ്യുവാൻ നമുക്കു ആത്മ പ്രചോദനമായി തീരണം. രഹസ്യമായ ആരാധനയും ആത്മിക വർദ്ധനവിന്നായിരിക്കണം. നാം എല്ലാവരും തനിയെ ആയിരിക്കയും ദൈവത്തോടു അടുക്കാതിരിക്കയും ചെയ്യുമ്പോൾ നമ്മുടെ മതപരമായ പ്രവൃത്തികൾ വ്യർത്ഥമായി തീരുന്നു.

(ശേഷം അടുത്ത ലക്കത്തിൽ)

# നമ്മുടെ വിജയത്തിനു ദൈവത്തിൻെറ പ്ലാൻ

**ക്ലെം തർമാൻ**

(ജൂലൈ ലക്കത്തിൻെറ തുടർച്ച)

## വിജയം ക്രിസ്തുവിൽ ഉള്ളവർക്കു മാത്രം

യേശുവിനെ മനസിൽ ധ്യാനിക്കുന്ന വെറും വിശ്വാസമല്ല നമ്മുടേത്, ക്രിസ്തുവിൽ ആശ്രയിച്ചു ജീവിക്കുന്ന ഒരു ജീവിതമാണ്. വിജയം കൈവരിക്കാൻ ആഗ്രഹിക്കുന്നവർ തങ്ങളുടെ ജീവിതം പൂർണ്ണമായി ക്രിസ്തുവിൽ അർപ്പിക്കും. സംശയാതീതമായി തെളിയിക്കപ്പെട്ട സത്യത്തെ സംശയിക്കുന്നത് ഭീരുത്വമാണ്. അതു കൊണ്ടു വരുന്നത് പിശാച് ആണ്.. നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിനു സ്തോത്രം (1 കൊരിന്ത്യർ 15:57). ക്രിസ്തുവിലാണ് നമുക്കു രക്ഷയുള്ളത് (2 കൊരിന്ത്യർ 1:20). നിത്യജീവനും അവനിലത്രെ ഉള്ളത് (1 യോഹന്നാൻ 5:11). വിശ്വാസം ആണ് നമ്മെ ക്രിസ്തുവിലേക്കു അടുപ്പിക്കുന്നത്, അവനാണ് നമ്മുടെ ജീവിതത്തെ വിജയിപ്പിക്കുന്നത്.

## ക്രിസ്ത്യാനിയുടെ ഉദ്ദേശം സ്നേഹമായിരിക്കും

ദൈവത്തിൻെറ അരുളപ്പാടു നിർദ്ദേശിക്കുന്നത്: നിങ്ങൾ ചെയ്യുന്നതു എല്ലാം സ്നേഹത്തിൽ ചെയ്യുവിൻ (1 കൊരിന്ത്യർ 16:14). യേശുക്രിസ്തു നല്കിയ പുതിയ കല്പന നമ്മെ പ്രചോദിപ്പിക്കുന്നതാണ്, ''ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും അന്യോന്യം സ്നേഹിപ്പിൻ.'' അവൻെറ കല്പനകളും പ്രമാണിക്കുന്നതു

തന്നെ സ്നേഹമാകുന്നു. ദൈവം സ്നേഹമാകുന്നു; ആ സ്നേഹം അവൻ തന്റെ പുത്രൻ മുഖാന്തരം നമുക്കു പ്രദർശിപ്പിച്ചു തന്നു. ദൈവത്തോടുള്ള സ്നേഹം നമ്മെ മററുള്ളവരെ സ്നേഹിക്കുവാൻ പ്രേരിപ്പിക്കും. ദൈവത്തെ സ്നേഹിക്കുക, മററുള്ളവരെ സ്നേഹിക്കുക, അയൽക്കാരെ സ്നേഹിക്കുക, ശത്രുക്കളെ സ്നേഹിക്കുക. അങ്ങനെയുള്ള സ്നേഹമാണ് ലോകത്തിന് ഇന്നാവശ്യം. നാം വാസ്തവത്തിൽ ക്രിസ്തുവിനെ അനുഗമിക്കയാണെങ്കിൽ അവൻ നമ്മെ സ്നേഹിച്ചതുപോലെ നാം മററുള്ളവരെ സ്നേഹിക്കും. വാക്കിനാൽ അല്ല, ക്രിയയാൽ തന്നെ ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്യുക.

## ബഹുമാനം എന്ന സ്വഭാവത്താൽ ക്രിസ്ത്യാനിയെ അറിയപ്പെടണം

ദൈവത്തെ നാം അടുത്തറിയുവാനായി പൌലൊസ് പ്രസ്താവിച്ചിരിക്കുന്നത്: അവനിലല്ലൊ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നത് (പ്രവൃത്തി 17:28). ദൈവം നമ്മുടെ സൃഷ്ടി കർത്താവാണ്. അവനെ എല്ലാവരും ബഹുമാനിക്കണം. ക്രിസ്ത്യാനി പ്രത്യേകിച്ച് ദൈവത്തെ അറിഞ്ഞു ബഹുമാനിക്കണം. അവൻ നമ്മുടെ പിതാവാണ്. ഒരു മകൻ തന്റെ പിതാവിനെ എങ്ങനെ ബഹുമാനിക്കണം എന്നു പ്രത്യേകിച്ച് പറയേണ്ടതില്ലല്ലൊ. അതുപോലെ നാം നമ്മുടെ പിതാവിനു കൊടുക്കേണ്ട ബഹുമാനവും ആദരവും കൊടുത്തിരിക്കണം. ദൈവത്തോടുള്ള ഭക്തി നമ്മുടെ ദൈവത്തോടുള്ള ബന്ധത്തിൽ നാം പ്രകടിപ്പിക്കുന്നു. യഹോവാ ഭക്തി ജ്ഞാനത്തിന്റെ ആത്മാവാകുന്നുവല്ലൊ (സദൃശ്യവാക്യങ്ങൾ 1:7).

നാം ദൈവത്തെ ബഹുമാനിക്കണം. അതോടൊപ്പം ദൈവ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട നമ്മുടെ സമൂഹജീവികളായ മനുഷ്യരെയും നാം ബഹുമാനിക്കണം. അവനവൻ സ്വന്തഗുണമല്ല, മററുള്ളവരുടെ ഗുണം കൂടെ നോക്ക

ണം; തന്നെക്കാൾ മററുള്ളവരെ ശ്രേഷ്ഠർ എന്നു നിരൂപി പ്പിൻ.

## ആത്മവിശ്വാസം ഉള്ളവനായിരിക്കും ക്രിസ്ത്യാനി

സ്വന്തം കഴിവിനെ ആശ്രയിക്കുന്ന ഒന്നിനെ ആത്മ വിശ്വാസമായി കണക്കാക്കുന്നതു ശരിയല്ല. ദൈവാശ്ര യത്തിൽ ജീവിക്കുന്നവർക്കുള്ള ആത്മ വിശ്വസമാണ് ശരിയായ ഒന്ന്. പ്രാവർത്തികമാക്കുന്നതു ദൈവമാണെ ന്നുള്ള ചിന്ത ആദ്യം തന്നെ വേണം എന്നർത്ഥം. അപ്പൊ സ്തലനായ പൌലൊസ് പറഞ്ഞിരിക്കുന്നത് ''എന്നെ ശക്തനാക്കുന്ന ക്രിസ്തു മുഖാന്തരം ഞാൻ സർവ്വത്തിനും മതിയായവൻ'' എന്നത്രെ (ഫിലിപ്പിയർ 2:13). ദൈവം എന്നിൽ പ്രവർത്തിച്ചാൽ പരാജയം ഇല്ലേ ഇല്ല. പാപത്തിൽ മരിച്ച് ക്രിസ്തുവിൻെറ മരണത്തിലും അടക്കത്തിലും ഉയിർപ്പിലും പങ്കാളികളായി തീർന്നാൽ ക്രിസ്തുവി നോടുകൂടെ ജീവൻെറ പുതുക്കത്തിൽ നടക്കാൻ കഴിയും. തന്നെ സൃഷ്ടിച്ചവൻെറ പ്രതിമ പ്രകാരം പരിജ്ഞാന ത്തിന്നായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ യാണ് ധരിക്കുന്നത്.

## ക്രിസ്ത്യാനി, തന്നെ സ്വീകരിക്കുന്നവനായിരി ക്കും

തന്നെത്താൻ കുററപ്പെടുത്താൻ കഴിയും, നിരുത്സാ ഹപ്പെടുത്താം. എന്നാൽ ഒരു ക്രിസ്ത്യാനി തിരിച്ചറി വുള്ളവനായിരിക്കും: ''എങ്കിലും ഞാൻ ആകുന്നത് ദൈവ കൃപയാലാകുന്നു'' (1 കൊരിന്ത്യർ 15:10). കൃപയാൽ അത്രെ നാം രക്ഷിക്കപ്പെടുന്നത്; കൃപയാലത്രെ നാം ദൈവ മക്കളായി തീരുന്നത്; കൃപയാലത്രെ നമുക്കു ക്രിസ്തുവിനോടും പിതാവിനോടും കൂട്ടായ്മ ലഭിക്കു ന്നത്. നിങ്ങൾ വചനപ്രകാരം ജീവിക്കുമ്പോൾ നിങ്ങളു

ടെ ജീവിത വിജയ രഹസ്യം ക്രിസ്തു ആകുന്നു. ''ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും അത്താഴം കഴിക്കും (വെളിപ്പാട് 3:20).

★

# യേശു എന്ന നാമം

**കെ. രോവെൽ**

ദൈവത്താൽ ദൈവ പുത്രനു വിളിക്കപ്പെട്ട നാമമാണല്ലൊ യേശു എന്നത്. യേശു എന്ന പേർ കേൾക്കുമ്പോഴെല്ലാം പത്രൊസിന്റെ പ്രസ്താവന നമുക്ക് ഓർമ്മ വരും. സന്ദർഭം ഓർമ്മിക്കുമല്ലൊ. ഒരിക്കൽ പത്രൊസും യോഹന്നാനും ഒമ്പതാം മണി നേരം പ്രാർത്ഥനാ സമയത്ത് ദൈവാലയത്തിലേക്കു ചെല്ലുമ്പോൾ അമ്മയുടെ ഗർഭം മുതൽ മുടന്തനായ ഒരാളെ ചിലർ ചുമന്നു കൊണ്ടു വന്നു. അവനെ ദൈവാലയത്തിൽ ചെല്ലുന്നവരോടു ഭിക്ഷ യാചിപ്പാൻ സുന്ദരം എന്ന ദൈവാലയ ഗോപുരത്തിങ്കൽ ഇരുത്തുമാറുണ്ട് (പ്രവൃത്തി 3: 1-2). പത്രൊസിനോടും യോഹന്നാനോടും അവൻ ഭിക്ഷ ചോദിച്ചു. വല്ലതും അവർ നല്കും എന്നു കരുതി സൂക്ഷിച്ചു നോക്കി. നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക എന്നു പറഞ്ഞ് അവനെ വലങ്കൈയ്ക്കു പിടിച്ചു എഴുന്നേല്പിച്ചു.

★

(ശേഷം അടുത്ത ലക്കത്തിൽ)

# ക്രൂശിൻെറ ഇടർച്ച

## വില്ലാർഡ് തർമാൻ

ഏററവും അധികം ഉപയോഗിക്കപ്പെടുന്ന പദമാണല്ലൊ ക്രൂശ്. ഈ ക്രൂശിൻെറ ഇടർച്ചയെ സംബന്ധിച്ച് അധികം ആരും ചിന്തിക്കാറില്ല. അപ്പൊസ്തലനായ പൌലൊസ് വളരെ തുറന്നു ചോദിക്കുന്ന ഒരു ചോദ്യം നമുക്കു വായിക്കാം. ''സഹോദരന്മാരേ; പരിച്ഛേദനെ പ്രസംഗിക്കുന്നു എന്നു വരികിൽ ഇനിയും ഉപദ്രവം സഹിക്കുന്നത് എന്ത് ? തുടർന്നു പറയുന്നു അങ്ങനെ യെങ്കിൽ ക്രൂശിൻെറ ഇടർച്ച നീങ്ങിപ്പോയല്ലൊ (ഗലാത്യർ 5:11). ദൈവത്തിൻെറ സ്നേഹവും കരുണയും ഒത്തിണങ്ങി ക്രൂശിൽ നാം ദർശിക്കുന്നുണ്ട്. ക്രിസ്തു ക്രൂശിൽ അർപ്പിച്ചതായ ദാനം അക്ഷരാർത്ഥത്തിൽ വിലമതിക്കനാവാത്ത ഒന്നായിരുന്നു. ആർക്കും ഇടർച്ചയുണ്ടാകാതിരിക്കേണ്ടതിനാണ് ക്രിസ്തു പ്രവർത്തിച്ചത്. എന്നിട്ടും കുറെപേർക്കു ഇടർച്ചയായി മാറി.

ക്രിസ്തു മരിച്ചതായ ക്രൂശ് നമ്മെ ഓർമ്മിപ്പിക്കുന്നത്, പഴയ നിയമത്തെയും പുതിയ നിയമത്തേയുമാണ്. പഴയ നിയമത്തിൻെറ അവസാനവും പുതിയ നിയമത്തിൻെറ ആരംഭവും അവിടെ കുറിക്കപ്പെടുന്നു. വിശുദ്ധതയുടേയോ, പരിപാവനതയുടേയോ മനോഹര ദൃശ്യമായിരുന്നില്ല അത്. പിന്നെയോ, മനുഷ്യത്വ രഹിതവും ക്രൂരവും നിന്ദ്യവുമായ ഒരു മരണത്തെയാണ് ക്രൂശീകരണത്തിൽ നമുക്കു കാണാൻ കഴിയുന്നത്. നമ്മെ വീണ്ടെടുക്കുന്നതിനു, വിലയ്ക്കു വാങ്ങുന്നതിനു, ഏറെ കഷ്ടത, വേദന, ദു:ഖം, ലജ്ജ, ത്യാഗം എന്നിവയെയാണ് നമുക്കു ക്രൂശിൽ കാണാൻ സാധിക്കുന്നത്, അതൊരിക്കലും ഒരു രൂപമായി, ആഭരണമായി, ബിംബമായി, വ്യതിചലിച്ച

സഭക്കു ഭൂഷണമായി തീരണം എന്ന അർത്ഥമായിരുന്നില്ല. ക്രൂരമായ ക്രൂശീകരണ ചിത്രം പള്ളിയങ്കണത്തിലോ, മന്ദിരങ്ങളിലോ പ്രദർശിപ്പിച്ച് ആളുകളിൽ വിശ്വാസം ജനിപ്പിക്കുവാൻ ദൈവം ആഗ്രഹിച്ചിട്ടില്ല. അങ്ങനെയുള്ള രൂപങ്ങൾ എടുത്തു മാററിയാൽ അതു ദൈവത്തോടുളള ആദരവായി കണക്കാക്കാം.

ഒരു സ്വർണ്ണ വ്യാപാരി തന്റെ ആഭരണങ്ങൾ പ്രദർശിപ്പിക്കുവാൻ കറുത്ത തുണി ഉപയോഗിക്കുന്നു. ആഭരണത്തിന്റെ തിളക്കവും മനോഹാരിതയും കൂടുതൽ ആകർഷണീയമാക്കുവാനാണ് അങ്ങനെ ചെയ്യുന്നത്. അക്ഷരികമായ ക്രൂശിനാലല്ല ആളുകൾ ആകർഷിക്കപ്പെടേണ്ടത്. മറിച്ച് ക്രിസ്തുവിന്റെ കഷ്ടങ്ങളാലും ത്യാഗത്താലും ആണ്. ക്രൂശിന്റെ മഹത്വം, ക്രിസ്തുവിന്റെ മരണത്താൽ എന്തു സാദ്ധ്യമായി എന്നതാണ്. മനുഷ്യന്റെ ശൂന്യമായ ക്രൂശിന്റെ ആഭരണമോ രൂപമോ ക്രൂശിന്റെ മാഹാത്മ്യത്തെ കാണിക്കുന്നില്ല.

## ന്യായപ്രമാണത്തെ തള്ളിക്കളഞ്ഞ യഹൂദ മതാനുസാരികൾ ഇടർച്ച വരുത്തി

ക്രൂശിൽ തറെച്ചു നീക്കം ചെയ്യപ്പെട്ട ന്യായപ്രമാണത്തെ സ്നേഹിച്ചു ആചരിക്കുന്നവർ ക്രൂശിന്നു ഇടർച്ച വരുത്തുന്നവരാണ്. ഭൂരിഭാഗവും നല്കപ്പെട്ട ഉപദേശത്തെ മാനിക്കാത്തവരാണ്. ന്യായപ്രമാണം മോശെ മുഖാന്തരം വന്നു എന്നാൽ കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു (യോഹന്നാൻ 1:17). ഈ സത്യം യെഹൂദന്മാരെ പിന്നീട്, ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയെ തള്ളിക്കളയുന്ന സ്ഥിതിയിലേക്കു മാററി. ന്യായപ്രമാണത്തെ ക്രിസ്തു എന്തു ചെയ്തു എന്ന് പൌലൊസ് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. "അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ

നമുക്കു വിരോധവും പ്രതികൂലവും ആയിരുന്ന കയ്യെഴുത്തു മായിച്ച് ക്രൂശിൽ തറെച്ചു നടുവിൽ നിന്നു നീക്കി കളഞ്ഞു (കൊലൊസ്സ്യർ 2:14).

വീണ്ടും അപ്പൊസ്തലൻ പ്രബോധിപ്പിക്കുന്നത്: മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിൻെറ രക്തത്താൽ സമീപസ്ഥരായി തീർന്നു. അവൻ നമ്മുടെ സമാധാനം ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തൻെറ ജഡത്താൽ നീക്കി വേർപാടിൻെറ നടുച്ചുവർ ഇടിച്ചുകളഞ്ഞതു സമാധാനം ഉണ്ടാക്കിക്കൊണ്ട് ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതു മനുഷ്യനാക്കി സൃഷ്ടിപ്പാനും ക്രൂശിൻമേൽ വെച്ച് ശത്രുത്വം ഇല്ലാതാക്കി അതിനാൽ ഇരുപക്ഷത്തെയും ഏക ശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും തന്നെ (എഫെസ്യർ 2: 13-16). അങ്ങനെ ക്രൂശിലെ യേശുവിൻെറ മരണത്താൽ യെഹൂദനും, ജാതിയും തമ്മിൽ ഒരു വ്യത്യാസവും ഇല്ലാത്ത രീതിയിൽ എല്ലാവരേയും ദൈവത്തോടു അടുപ്പിക്കുവാൻ ന്യായപ്രമാണത്തെ നടുവിൽ നിന്നു നീക്കി കളഞ്ഞു. അതുകൊണ്ട് എല്ലാവർക്കും ദൈവത്തോടു ബന്ധം പുലർത്തുവാൻ ഒരേ ഒരു വഴിയാണ് ഉള്ളത് (ഗലാത്യർ 3: 27-29).

ന്യായപ്രമാണത്തെ നീക്കം ചെയ്തതു പലർക്കും ഇടർച്ചക്കു ഹേതുവായി തീർന്നു. എന്നാൽ നീക്കം വരേണ്ടതു ആവശ്യവുമായിരുന്നു. അതിൻെറ ബലഹീനതയും നിഷ്പ്രയോജനത്വവും നിമിത്തം അത്രെ അതിനെ നീക്കം ചെയ്തത് (എബ്രായർ 7: 18-19). അതുകൊണ്ട്, അവർ ക്രൂശിനും ഇടർച്ച വരുത്താൻ തുടങ്ങി. തിരുവെഴുത്ത് സ്പഷ്ടമായി പറയുന്നത് എന്തെന്നാൽ ന്യായപ്രമാണത്താൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ല എന്നത്രെ.

ന്യായപ്രമാണത്തിൻ കീഴിരിപ്പാൻ ശ്രമിക്കുന്നവരോട് കർത്താവിന്റെ ആത്മാവ് ലഭിച്ച പൌലൊസ് പറയുന്നത്, ന്യായപ്രമാണത്താൽ നീതീകരിപ്പാൻ ഇച്ഛിക്കുന്നവർക്കു ക്രിസ്തുവിനെകൊണ്ടു പ്രയോജനമില്ല, അവർ കൃപയിൽ നിന്നു വീണുപോയി. അവരെ പററി എബ്രായ ലേഖകൻ പറയുന്നത്: തങ്ങൾക്കു തന്നേ ദൈവ പുത്രനെ വീണ്ടും ക്രൂശിക്കുന്നവരും അവന്നു ലോകാപവാദം വരുത്തുന്നവരും ആകകൊണ്ടു അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കുവാൻ കഴിവുള്ളതല്ല (എബ്രായർ 6:6). ക്രൂശിനു ഇടർച്ച വരുത്തുന്നവർ ഇന്നുമുണ്ട്. അവർ ദൈവത്തിനു ഇടർച്ച വരുത്തുന്നവരാണ്.

## പരിച്ഛേദന ആവർത്തിക്കുന്നതു ഇടർച്ച

പരിച്ഛേദനയ്ക്കായി മുറവിളി കൂട്ടികൊണ്ടിരുന്ന യഹൂദ മതാനുസാരികളാൽ അപ്പൊസ്തലനായ പൌലൊസിനു ഭീഷണിയും ഉപദ്രവവും നേരിടേണ്ടി വന്നു. ക്രൂശിൽ യേശു മരിച്ചതോടെ നിഷ്പ്രയോജനമായി തീർന്ന ഒന്നിനെയാണ് ഇവർ വീണ്ടും ആളുകൾക്ക് ആചരിപ്പാൻ നല്കുന്നത്. പരമാർത്ഥത്തിൽ ഇവർ ക്രൂശിനു ശത്രുക്കളായി പ്രവർത്തിക്കുന്നവരാണ്. പൌലൊസിന്റെ ഉപദേശത്തിൽ അവർ ശൗര്യം പൂണ്ടവരായി മാറി. പൌലൊസിന്റെ പ്രസംഗം കേൾക്കുക. "ക്രിസ്തുയേശുവിൽ പരിച്ഛേദനയല്ല, അഗ്രചർമ്മവുമല്ല, സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസമത്രേ കാര്യം" (ഗലാത്യർ 5:6). ഈ കാര്യത്തിൽ ക്രൂശിന്റെ ഇടർച്ച അവൻ തിരിച്ചറിഞ്ഞിരുന്നു. അവനു നേരിട്ട ഉപദ്രവത്തെ മുന്നിൽ നിർത്തി പൌലൊസ് അവരോടു വാദിക്കുകയാണ്. "ഞാൻ ഇപ്പോഴും പരിച്ഛേദന പ്രസംഗിക്കുന്നുവെങ്കിൽ ഉപദ്രവം സഹിക്കുന്നതെന്തിന് ? അങ്ങനെയെങ്കിൽ ക്രൂശിന്റെ ഇടർച്ച നീങ്ങിപ്പോയല്ലൊ" ഗലാത്യർ 5:11).

✶

(ശേഷം അടുത്ത ലക്കത്തിൽ)

# സമൃദ്ധമായ ജീവിതം

## ഡോൺ വാക്കർ

(കഴിഞ്ഞ ലക്കത്തിൻെറ തുടർച്ച)

കഷ്ടതയെയും ഭീഷണിയെയും ഉപദ്രവങ്ങളെയും ഭീതിയോടെ കാണുന്നവരാണ് ലോകത്തുള്ളവർ. രോഗവും പട്ടിണിയും നിന്ദയും പരിഹാസവും ആളുകളെ ഭയപ്പെടുത്തും. ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുവാൻ കഴിയുന്നവരെ ഭയപ്പെടേണ്ട എന്നു കർത്താവ് പറഞ്ഞിരിക്കുന്നു. ഒരു ക്രിസ്ത്യാനിക്ക് ഇതെല്ലാം നേരിടുമ്പോഴം അവൻ ഭാഗ്യവാനാണ്. മരണത്തെ ഭയപ്പെടുന്നവരാണ് ഭൂരിഭാഗം ആളുകളും. എന്താണ് കാരണം? അവർക്കു പ്രത്യാശയില്ല എന്നതാണ്. തൻെറ ഭക്തന്മാരുടെ മരണം യഹോവക്കു വിലയേറിയതാകുന്നു എന്ന് സങ്കീർത്തനങ്ങരം 116:15 ൽ നാം വായിക്കുന്നു. "എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവുമാകുന്നു" അപ്പൊസ്തലനായ പൌലൊസ് പ്രസ്താവിച്ചിരിക്കുന്നു. ജഡശരീരം വിട്ട് ക്രിസ്തുവിനോടു പററിച്ചേരുവാൻ കാംക്ഷിക്കുന്നതായി പൌലൊസ് പിന്നീട് പറയുന്നുണ്ട്. പൌലൊസിൻെറ ജീവിതം ഈ ഭൂമിയിൽ അവസാനിക്കാറായപ്പോഴം അവനുണ്ടായിരുന്ന പ്രത്യാശ നോക്കുക. "ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു, അതു നീതിയുള്ള ന്യായാധിപതിയായ കർത്താവ് ആ ദിവസത്തിൽ എനിക്കു തരും, എനിക്കു മാത്രമല്ല, അവൻെറ പ്രത്യക്ഷതയിൽ പ്രിയം വെച്ച ഏവർക്കും കൂടെ" (2 തിമൊഥെയോസ് 4: 7-8).

കർത്താവിൻെറ പ്രത്യക്ഷതയിൽ മരണം നീങ്ങി ജയം വന്നിരിക്കുന്നു എന്ന പ്രവചനം നിവർത്തീകരിക്കും.

അപ്പോൾ മരണത്തെ ജയിക്കുവാൻ അവന്റെ മരണത്തോടും പുനരുത്ഥാനത്തോടും പങ്കാളികളായവർക്കു സാധിക്കുന്നു. ആകയാൽ, ഹാ മരണമേ നിന്റെ ജയം എവിടെ? ഹേ മരണമേ നിന്റെ വിഷമുള്ള് എവിടെ? നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഇതിൽ നിന്നു നമ്മെ വിടുവിക്കുവാൻ കഴിയുന്ന ദൈവത്തിനു സ്തോത്രം. പാപമാണല്ലൊ മനുഷ്യനെ മരിപ്പിക്കുന്നത്. പാപത്തേയും അതിന്റെ ഫലമായ മരണത്തെയും അതിജീവിക്കുവാൻ ക്രിസ്തീയ ജീവിതം നമ്മെ സഹായിക്കും.

സമൃദ്ധമായ വലിയ ജീവിതമാണ് ക്രിസ്തീയ ജീവിതം. എന്നാൽ നമ്മിൽ വലിയ ഒരു ഉത്തരവാദിത്വവും നല്കിയിട്ടുണ്ട്. വിലയുള്ളതെന്തും നേടിയെടുക്കാൻ പരിശ്രമം ആവശ്യമാണ്. രക്ഷ സൗജന്യമാണ്. പക്ഷേ അതിനു ദൈവത്തിന്റെ നിബന്ധനകളും ഉള്ള കാര്യം നാം മറക്കരുത്. നാം ജീവപര്യന്തം വിശ്വസ്തരായി ജീവിച്ചാൽ ജീവകിരീടം തരാമെന്ന് കർത്താവ് വാഗ്ദാനം ചെയ്തിട്ടുണ്ട് (വെളിപ്പാട് 2:10). സമൃദ്ധമായ ജീവിതത്തിന്റെ നേട്ടങ്ങൾ കൈവരിക്കണമെന്നുണ്ടെങ്കിൽ, സ്വാർത്ഥത, സാത്താൻ, പാപം എന്നിവയെ നാം അതിജീവിക്കണം (വെളിപ്പാട് 3:21). ആർക്കും ഈ മനോഹരമായ അനുഗ്രഹങ്ങൾ യാദൃശ്ചികമായി കിട്ടുന്നില്ല. ദൈവകൃപയിൽ, കർത്താവായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ വളർന്നു വരുന്നവർക്കാണ് ആത്മീയമായ അനുഗ്രഹങ്ങൾ (2 പത്രൊസ് 3:18). ഉദാരമായി കൊയ്യുവാൻ ആഗ്രഹിക്കുന്നവർ ഉദാരമായി വിതക്കണം. ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് എന്നെ അനുഗമിക്കട്ടെ (മത്തായി 16:24). നാം തളർന്നു പോകാതെ കൊടുക്കേണ്ട വില കൊടുത്തു ജീവിച്ചാൽ തക്ക സമയത്തു കൊയ്തെടുക്കാം.

യേശുക്രിസ്തു ഈ ഭൂമിയിൽ വന്നത് നമുക്ക് ജീവൻ ഉണ്ടാകേണ്ടതിനാണ്. കർത്താവിന്റെ കൃപയുടെ മഹിമ അവർണ്ണനീയം തന്നെ. നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിനു നിങ്ങൾ നിമിത്തം ദരിദ്രനായി തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലൊ (2 കൊരിന്ത്യർ 8:9). തന്നെ അനുസരിക്കുന്നവരുടെ നിത്യരക്ഷയുടെ കാരണഭൂതനാണ് യേശുക്രിസ്തു (എബ്രായർ 5:9). എത്ര ശോഭനവും സുരക്ഷിതവുമായ ജീവിതമാണ് കർത്താവ് തന്നെ അനുസരിക്കുന്നവർക്കു നല്കുന്നത് എന്ന് അറിഞ്ഞ് നിങ്ങൾ അത് പ്രാപിച്ചിട്ടില്ലെങ്കിൽ ഇന്നു തന്നെ നിങ്ങളുടെ ജീവിതം യേശുക്രിസ്തുവിന്റെ ഉപദേശം അനുസരിപ്പാൻ തീരുമാനിക്കുക.

★

**സ്ത്രീകൾക്കു വേണ്ടി**

# രക്ഷകർത്താക്കൾ എന്ന ഉത്തരവാദിത്വം

**ബെററി ബി. ചോട്ട്**

തങ്ങൾ ലോകത്തിലേക്കു പുറത്തു വിടുന്ന കുട്ടികളെ കുറിച്ച് സുബോധമുള്ളവരായിരിക്കണം മാതാപിതാക്കൾ. കാരണം അവർക്ക് മക്കളോട് ഉത്തരവാദിത്വവും കടപ്പാടും ഉണ്ട്. അവരുടെ വരുമാനത്തിനും കഴിവിനും ഒരു പരിധിയുണ്ട് എന്നറിയാമല്ലൊ. ആ പരിമിതിക്കുള്ളിൽ വളർത്താവുന്ന കുട്ടികളായിരിക്കണം അവർക്കു വേണ്ടത്. ഇത് ബുദ്ധിയുള്ള നിർദ്ദേശമോ അഭിപ്രായമോ ആയി മാത്രം

കാണരുത്. ദൈവത്തിന്റെ കല്പന കൂടെയാണ് എന്നോർക്കുക. ദൈവത്തിന്റെ നിലനില്പിനെ വിശ്വസിക്കാത്ത ഒരാളെക്കാൾ മോശമായിരിക്കും തങ്ങളുടെ മക്കൾക്കു വേണ്ടി കരുതാത്ത ഒരു ക്രിസ്ത്യാനി. ക്രിസ്ത്യാനികളായി തീർന്ന രക്ഷകർത്താക്കൾ കാര്യഗൗരവമുള്ളവരും കർത്താവിന്റെ കല്പന പ്രകാരം ജീവിക്കുന്നവരും ആകണം.

എന്തുകൊണ്ട് എന്നു ചോദിച്ചേക്കാം. ഒരു അവിശ്വാസി അവന്റെ ആത്മാവിനെ മാത്രം നശിപ്പിക്കുന്നു. എന്നാൽ വിശ്വാസിയായി തീർന്ന ഈ അപ്പനും അമ്മയും മക്കളെ പോററി പുലർത്തുന്നില്ല. ശൈശവ പ്രായത്തിൽ പോലും എല്ലാ കുട്ടികൾക്കും വേണ്ട പരിചരണം നടത്തുവാൻ അവർക്കു കഴിയുന്നില്ല. വളർന്നു കഴിഞ്ഞാലും അവരുടെ ആവശ്യങ്ങളെ നിഷേധിക്കുവാൻ മാതാപിതാക്കൾ നിർബ്ബന്ധിതരാകുന്നു. അങ്ങനെ വരുമ്പോൾ അവർക്കു വേണ്ട ആഹാരം, വസ്ത്രം, വിദ്യാഭ്യാസം എന്നിവ കൊടുക്കാതിരിക്കുന്നു; ആത്മീയമായി കുട്ടികളെ കർത്താവിന്റെ പത്ഥ്യോപദേശപ്രകാരം വളർത്താൻ കഴിയാതെ വരുന്നു, തൻ നിമിത്തം കുട്ടികൾ ആത്മീയമായി ദൈവത്തിൽ നിന്നും അകന്നു പോകുന്നു. ഇതിനു കാരണക്കാർ ഇത്തരം മാതാപിതാക്കൾ ആണ്.

തീർച്ചയായും സ്ത്രീകൾക്ക് ഇതിൽ തുല്യ പങ്കു വഹിക്കാനുണ്ട്. ഭർത്താവിനോടൊപ്പം കഴിയുന്ന ഭാര്യക്കു ചിന്താശക്തിയും ബുദ്ധിശക്തിയും ഉണ്ടല്ലോ. അവരുടെ അറിവു കൂടാതെ എങ്ങനെയായാലും മക്കൾ ജനിക്കയില്ല. അറിയാതെ സംഭവിച്ചുപോയി എന്നു പലരും പറയാറുണ്ട്. അതു ന്യായീകരണം മാത്രം. ഒന്നോ രണ്ടോ പേർ വേണമോ അതോ ധാരാളം മക്കൾ വേണമോ എന്ന കാര്യത്തിൽ ഭർത്താവും ഭാര്യയും ഏക നിശ്ചയത്തിൽ എത്തണം.

★

YOUR ATTENTION PLEASE!

# Radio Srilanka Broadcasts

**ENGLISH**—The Voice of Truth—Speakers: Reggi Gnanasundaram and J. C. Choate

All correspondence should be sent to The Voice of Truth.
Post Box 3815, New Delhi-110049.
Mondays — 9.00 to 9.15 P.M.
Fridays — 7.45 to 8.00 P.M.

**HINDI**—Satya Susamachar—Speaker. Sunny David.

All correspondence should be sent to Satya-Susamachar.
Post Box 3815, New Delhi-110049.
Sundays — 12.45 to 1.00 P.M.
Tuesdays — 9.00 to 9.15 P.M.
Thursdays — 9.00 to 9.15 P.M.
Fridays — 9.00 to 9.15 P.M.

**TELUGU**—The Voice of Truth—Speaker : Joshua Gootam

All correspondence should be sent to The Voice of Truth
Post Box 80, Kakinada-533001.
Sundays — 2.30 to 2.45 P.M.
Tuesdays — 2.30 to 2.45 P.M.
Thursdays — 2.30 to 2.45 P.M.
Fridays — 2.30 to 2.45 P.M.
Saturdays — 2.30 to 2.45 P.M.

**TAMIL**—"The Way of Truth"—Speaker: P. R. Swamy.

All correspondence should be sent to The Way of Truth
Post Box 8405, Bangalore 560084.
Tuesdays — 5.30 to 5.45 P.M.
Thursdays — 6.45 to 7.00 P.M.
Sundays — 6.45 to 7.00 P.M.

**MALAYALAM** —The Voice of Truth—Speaker : P. K. Varghese

All correspondence should be sent to Church of Christ
Trivandrum - 695034 Kerala.
Tuesdays & Fridays — 3.45 to 4.00 p.m.

**KANNADA** —The Voice of Truth—Speaker : Robert Rathnakar—Box. 448, Bangalore—560004
Sundays — 1.45 P.M.

## ALL ARE ENCOURAGED TO LISTEN

Bible Correspondence Courses and Christian Literature are available in these different languages from the addresses listed. Also the radio sermons are available in book form.

Edited, Printed and Published by P. K. Varghese Church of Christ Tvm: Printed at Joshah Printers for Santhosh Printers Trivandrum

Reg: No. K. Dis 90095/86/ A8, Regd. No. KL/TV (N) 22

*You are Cordially Invited*
To Attend
Services and Bible studies

Sunday 10 a.m.
Tuesday 6.30 P.m.

Meeting place

**CHURCH OF CHRIST BUILDING**
Sunny Meads Lane
Behind Sanskrit College, Palayam
Trivandrum - 695 034

All correspondence should be sent to the Editor Bible Truth, Church of Christ, Trivandrum-34, Kerala, South India.

From
**THE BIBLE TRUTH**
Church of Christ
Behind Sanskrit College
Thiruvananthapuram-695 034
Phone : 443378

To